**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2073** **30-09-2025 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതി പ്രകാരം നാളിതുവരെ നൽകിയ തുക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (എ) | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ പദ്ധതികൾ അനുവദിക്കുന്നതും ഫണ്ട് വകയിരുത്തുന്നതും മണ്ഡലാടിസ്ഥാനത്തിലല്ല. മറിച്ച് വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൽ, ആർ..കെ.ഐയുടെ പദ്ധതി വിലയിരുത്തൽ മാർഗ്ഗരേഖയനുസരിച്ചുള്ളവ, ഫണ്ട് ലഭ്യതയുടെ കൂടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, അനുമതി നൽകി നടപ്പാക്കുകയാണ് ചെയ്യുന്നത്<br><br>ഇപ്രകാരം സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മൽസ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നീ മേഖലകളിലായി നാളിതുവരെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൻ കീഴിൽ 8,800 കോടിയോളം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 5600 കോടിയോളം രൂപ ചെലവഴിച്ചു പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ